**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 860** **06-10-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം വരുമാനം വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് കോവിഡ് 19 മഹാമാരി തുടരുന്ന സാഹചര്യത്തിൽ ഭൂരിഭാഗം ക്ഷേത്രങ്ങളിലും ഭക്തജനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ ദേവസ്വം വരുമാനത്തിൽ വൻ കുറവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്ത് കോവിഡ് 19 മൂന്നാം തരംഗ സാദ്ധ്യത നിലനിൽക്കുന്ന സാഹചര്യത്തിൽ ദേവസ്വം വരുമാനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ? | (ബി) | ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിനുമായി 13/07/2021-ൽ ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ സംയുക്ത യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ദേവസ്വം ബോർഡുകളുടെ പക്കൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ക്ഷേത്രാവശ്യങ്ങൾക്കായി പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനമാനമെടുക്കുകയും ദേവസ്വം ബോർഡുകളുടെ ഭൂമിയിൽ വാണിജ്യ ഉദ്ദേശ്യത്തോടുകൂടിയ കെട്ടിട സമുച്ചയവും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ച് വരുമാനം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ദേവസ്വം ബോർഡുകൾ ആസൂത്രണം ചെയ്ത് വരുകയും ചെയ്യുന്നുണ്ട്. ഇതു കൂടാതെ വിവിധ ദേവസ്വം ബോർഡുകൾ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള ഭൂമിയിൽ അതാത് പ്രദേശത്തിന് അനുയോജ്യമായ കൃഷികൾ ചെയ്യുന്നതിന് ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിൽ വഴിപാട് വരുമാനം |

വർദ്ധിപ്പിക്കുന്നതിനായി ഓൺലൈൻ വഴിപാട് ബുക്കിങ്, മൊബൈൽ ആപ്പ് വഴിയുള്ള വഴിപാട് ബുക്കിങ്, UPID മുഖേനയുള്ള വഴിപാട് ബുക്കിങ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ ഓൺലൈൻ വഴിപാടുകൾ നടത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുക വഴിയും സ്പെഷ്യൽ ദർശനത്തിന് നിലവിൽ ഉണ്ടായിരുന്ന സംവിധാനം കൂടുതൽ ജനകീയമാക്കി ഇടനിലക്കാരെ നിയന്ത്രിച്ച് ഭക്തരുടെ കാണിക്ക മുഴുവൻ ക്ഷേത്രത്തിന് ലഭ്യമാക്കിയത് വഴിയും വിവിധ വഴിപാടുകൾ, തുലാഭാരം എന്നിവയുടെ നിരക്ക് കാലാനുസൃതമായി പുതുക്കിയത് വഴിയും വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചു. കൂടാതെ ചെലവ് ചുരുക്കുന്നതിനായി ഗുരുവായൂർ ക്ഷേത്രത്തിലേക്കാവശ്യമായ പാൽ, വെണ്ണ, നെയ്യ്, തൈര് എന്നിവ ഉൽപാദിപ്പിക്കുവാൻ നല്ലയിനം പശുക്കളെ വളർത്തുകയും അവയുടെ തീറ്റയ്ക്കായി പച്ചപ്പുൽ വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. കൂടൽമാണിക്യം ദേവസ്വത്തിന്റെ ഭൂമികളിൽ നാണ്യ വിളകളും പച്ചക്കറികളും കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് കൂടാതെ കൂടൽമാണിക്യം ദേവസ്വത്തിന്റെ ഭൂമിയിൽ മൂന്ന് നിലകളുള്ള സംഗമേശ്വര കോംപ്ലക്സ് നിർമ്മിച്ച് വാടകയ്ക്ക് നൽകിയിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിന്റെ കീഴിലുള്ള മറ്റ് ഒഴിഞ്ഞുകിടക്കുന്ന ഭൂമികളിലും ഇത്തരത്തിൽ ദേവസ്വത്തിന് സാമ്പത്തിക ബാധ്യത വരാത്ത വിധത്തിൽ വാണിജ്യ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ച് വരുന്നു. ദേവസ്വം ഭൂമിയിലെ കുളങ്ങളിൽ താമരപ്പൂവ് കൃഷി ചെയ്യുന്നതിനുള്ള നടപടികളും ഊർജ്ജ സ്വയംപര്യാപ്തതക്കായി ദേവസ്വം ഭൂമിയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിൽ ഓൺലൈൻ വഴിപാട് ബുക്കിങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വഴിപാട് വഴിപാടിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി മൂന്ന് വർഷ കാലയളവിനുള്ളിൽ വഴിപാട് നിരക്ക് വർദ്ധിപ്പിച്ചിട്ടില്ലാത്ത ക്ഷേത്രങ്ങളിലെ വഴിപാട് നിരക്ക് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും വർഷങ്ങളായി വാടക പുതുക്കി നിശ്ചയിച്ചിട്ടില്ലാത്ത ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെയും പീടികമുറികളുടെയും വാടക നിരക്ക് അതാത് പ്രദേശത്ത് നിയമാനുസൃതം നിശ്ചയിക്കപ്പെട്ടിട്ടുള്ള വാടക നിരക്ക് അടിസ്ഥാനപ്പെടുത്തി റിവൈസ്

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനും തരിശായി കിടക്കുന്ന ഭൂമി കൃഷി, വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനും അതാത് ക്ഷേത്ര ഭരണാധികാരികൾക്ക് മലബാർ ദേവസ്വം ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ